**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432** **30-01-2024 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.-എ.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശമായ സ.ഉ (അച്ചടി) നം.119/2018/ ധന തീയതി 04/08/2018 പ്രകാരം സർക്കാർ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടനിർമ്മാണം അനുവദനീയമാണ്. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പാറശ്ശാല മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഇതുവരെയുള്ള ടെൻഡർ സേവിംഗ്സ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ആസ്തിവികസന പദ്ധതിയിലെ ടെൻഡർ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. |

| സാമ്പത്തിക വർഷം | ടെണ്ടർ സേവിംഗ്സ് തുക |
|---|---|
| 2021-22 | 61,00,939/- |
| 2022-23 | 49,14,666/- |
| 2023-24 | 1,27,632/- |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്—നിയോജകമണ്ഡല ആസ്തി വികസന പദ്ധതി—2018-19 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 119/2018/ധന. തിരുവനന്തപുരം, 2018 ആഗസ്റ്റ് 4.**

---

പരാമർശം:—1. സ. ഉ. (പി) നമ്പർ 332/2012/ധന. തീയതി 11-6-2012.
2. സ. ഉ. (പി) നമ്പർ 86/2017/ധന. തീയതി 4-7-2017.
3. സ. ഉ. (പി) നമ്പർ 337/2012/ധന. തീയതി 12-6-2012.
4. സ. ഉ. (പി) നമ്പർ 419/2012/ധന. തീയതി 26-7-2012.
5. സ. ഉ. (പി) നമ്പർ 157/2013/ധന. തീയതി 6-4-2013.
6. സ. ഉ. (പി) നമ്പർ 161/2013/ധന. തീയതി 9-4-2013.
7. സ. ഉ. (പി) നമ്പർ 311/2014/ധന. തീയതി 30-7-2014.
8. സ. ഉ. (പി) നമ്പർ 505/2014/ധന. തീയതി 15-11-2014.
9. സ. ഉ. (പി) നമ്പർ 47/2015/ധന. തീയതി 20-1-2015.
10. സ. ഉ. (പി) നമ്പർ 90/2015/ധന. തീയതി 19-2-2015.
11. സ. ഉ. (പി) നമ്പർ 213/2015/ധന. തീയതി 5-6-2015.
12. സ. ഉ. (പി) നമ്പർ 257/2015/ധന. തീയതി 26-6-2015.
13. സ. ഉ. (പി) നമ്പർ 591/2015/ധന. തീയതി 29-12-2015.
14. സ. ഉ. (പി) നമ്പർ 26/2016/ധന. തീയതി 25-2-2016.
15. സ. ഉ. (പി) നമ്പർ 178/2016/ധന. തീയതി 9-12-2016.
16. സ. ഉ. (പി) നമ്പർ 192/2016/ധന. തീയതി 30-12-2016.
17. സ. ഉ. (പി) നമ്പർ 27/2017/ധന. തീയതി 26-2-2017.

GCPT. 4/1976/2019/500/S-23.

18. സ. ഉ. (പി) നമ്പർ 41/2017/ധന. തീയതി 25-3-2017.
19. സ. ഉ. (പി) നമ്പർ 44/2017/ധന. തീയതി 8-5-2017.
20. സ. ഉ. (പി) നമ്പർ 60/2017/ധന. തീയതി 8-5-2017.
21. സ. ഉ. (പി) നമ്പർ 62/2017/ധന. തീയതി 11-5-2017.
22. സ. ഉ. (പി) നമ്പർ 63/2017/ധന. തീയതി 12-5-2017.
23. സർക്കുലർ നമ്പർ 73/2012/ധന. തീയതി 28-12-2012.
24. സർക്കുലർ നമ്പർ 44/2013/ധന. തീയതി 21-5-2013.
25. സർക്കുലർ നമ്പർ 80/2013/ധന. തീയതി 19-10-2013.
26. സർക്കുലർ നമ്പർ 97/2013/ധന. തീയതി 4-12-2013.
27. സർക്കുലർ നമ്പർ 54/2014/ധന. തീയതി 6-6-2014.
28. സർക്കുലർ നമ്പർ 67/2015/ധന. തീയതി 22-7-2015.
29. സർക്കുലർ നമ്പർ 68/2015/ധന. തീയതി 28-7-2015.
30. സർക്കുലർ നമ്പർ 74/2016/ധന. തീയതി 7-9-2016.
31. സർക്കുലർ നമ്പർ 54/2016/ധന. തീയതി 22-6-2016.

## ഉത്തരവ്

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമാക്കിക്കൊണ്ട് പരാമർശം 1-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചു. പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം, ജലസേചനം, ശുചിത്വപരിപാലനം, കൃഷി, മൃഗപരിപാലനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഓരോ നിയോജകമണ്ഡലത്തിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

നോമിനേറ്റഡ് എം.എൽ.എ. ഉൾപ്പെടെ ഓരോ എം.എൽ.എ.-യ്ക്കും 5 കോടി രൂപ വീതം ആകെ 705 കോടി രൂപയാണ് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയിട്ടുള്ളത്. ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ് പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ആയതിനുള്ള വിശദമായ മാർഗ്ഗരേഖ പരാമർശം 2-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.



6-6-2018-ൽ ബഹു. നിയമസഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായി പുറത്തിറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം പുറപ്പെടുവിച്ച് ഉത്തരവാകുന്നു. പരാമർശത്തിലെ എല്ലാ ഉത്തരവുകളും സർക്കുലറുകളും ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**അജിത് കുമാർ, എ.,**
*ജോയിന്റ് സെക്രട്ടറി (ധനകാര്യം).*

<u>പകർപ്പ്:</u>

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), (ജി & എസ്.എസ്.എ.), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

എല്ലാ എം.എൽ.എ. മാർക്കും.

എല്ലാ ഭരണവകുപ്പുകൾക്കും.

എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്.

അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം.

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.

എല്ലാ ട്രഷറി ഓഫീസർമാർക്കും.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. [E-421468]

## നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ (LAC ADS) മാർഗ്ഗനിർദ്ദേശങ്ങൾ

**1. പദ്ധതി**

1.1 നിയോജകമണ്ഡലങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഓരോ എം.എൽ.എ.-യ്ക്കും പ്രതിവർഷം 5 കോടി രൂപ വീതം ആകെ 705 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1.2 പ്രതിവർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ ഓരോ എം.എൽ.എ.-യ്ക്കും തങ്ങളുടെ മണ്ഡലത്തിൽ 10 ലക്ഷം രൂപയോ അതിനു മുകളിലോ എസ്റ്റിമേറ്റ് തുകയുള്ള പരമാവധി 20 പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്. ശുപാർശകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കാണ് നൽകേണ്ടത്. എം.എൽ.എ. ശുപാർശ ചെയ്യുന്ന ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്ന തിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെ ആണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. എന്നാൽ പ്രതിവർഷം 5 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ നിർദ്ദേശിക്കുവാനോ ഭരണാനുമതി നൽകുവാനോ പാടുള്ളതല്ല.

1.3 ഓരോ നിയോജകമണ്ഡലത്തിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പി ക്കുന്നതിനായി മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ സൃഷ്ടിക്ക പ്പെടുന്ന ആസ്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ ഉടമസ്ഥതയിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, ജലവിതരണം, ജലസേചനം, ശുചിത്വപരിപാലനം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, പൊതുസമൂഹത്തിന് വളരെയേറെ പ്രയോജനം ചെയ്യുന്ന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായുള്ള യന്ത്രങ്ങൾ, ഉപകരണങ്ങൾ, മറ്റു അനുബന്ധ സാമഗ്രികൾ എന്നിവയുടെ വാങ്ങൽ എന്നിവയാണ്.



1.4 എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലത്തിന്റെ വികസനത്തിനായാണ് ശുപാർശകൾ സമർപ്പിക്കേണ്ടത്. എന്നാൽ നോമിനേറ്റഡ് എം.എൽ.എ.-യ്ക്ക് സംസ്ഥാനത്തിന്റെ ഏതു ഭാഗത്ത് വേണമെങ്കിലും പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്. പ്രവൃത്തികൾ നടപ്പാക്കുന്നതിനായി നോമിനേറ്റഡ് എം.എൽ.എ. അദ്ദേഹത്തിന്റെ ജില്ലയിലെ കളക്ടർക്കാണ് കത്ത് നൽകേണ്ടത്. എന്നാൽ ശുപാർശ ചെയ്ത പ്രവൃത്തി മറ്റു ജില്ലയിലേക്കുള്ളതാണെങ്കിൽ ആയത് പ്രതിവർഷം അനുവദിച്ചിരിക്കുന്ന 5 കോടിയിൽ അധികരിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തിക്കൊണ്ട് പ്രസ്തുത കത്ത് ബന്ധപ്പെട്ട കളക്ടർക്ക് (മറ്റു ജില്ലയിലെ കളക്ടർക്ക്) കൈമാറേണ്ടതാണ്.

1.5 പ്രവൃത്തി ശുപാർശ ചെയ്യുന്ന എം.എൽ.എ. പ്രസ്തുത പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന്/പ്രദേശത്തിന് അനിവാര്യമാണെന്ന് അതത് വകുപ്പിലെ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് തീരുമാനിക്കുകയും മറ്റ് ഫണ്ടുകൾ പ്രസ്തുത പ്രവൃത്തിക്കായി ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. അപ്രകാരം എം. എൽ. എ. നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ ആവശ്യകത വീണ്ടും പരിശോധിക്കേണ്ടതില്ല. അത്തരത്തിൽ ശുപാർശ ചെയ്ത് സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചതിനുശേഷം പ്രസ്തുത പ്രവൃത്തി മണ്ഡലത്തിൽ ആവശ്യമില്ല എന്ന് എം.എൽ.എ.-യ്ക്ക് ഉത്തമ ബോധ്യമുള്ളപക്ഷം ആയത് റദ്ദ് ചെയ്യാവുന്നതും പകരം പുതിയ പ്രവൃത്തി ആ സാമ്പത്തിക വർഷത്തിൽ തന്നെ ശുപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ഒരു സാമ്പത്തിക വർഷത്തിന് ശേഷം പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ സാധിക്കുകയില്ല.

1.6 ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. അതിനായി എം.എൽ.എ.-മാർ തങ്ങളുടെ ശുപാർശകൾ ഓരോ സാമ്പത്തികവർഷത്തിലും ആഗസ്റ്റ് 31-ന് മുമ്പായി ബന്ധപ്പെട്ട കളക്ടർമാരെ ഏൽപ്പിക്കേണ്ടതാണ്.

1.7 ഓരോ സാമ്പത്തിക വർഷത്തിലും തങ്ങൾക്ക് അനുവദിച്ച 5 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾ എം.എൽ.എ.-മാർ അതത് വർഷംതന്നെ ശുപാർശ ചെയ്യേണ്ടതാണ്. അപ്രകാരം ശുപാർശ സമർപ്പിച്ചിട്ടില്ലായെങ്കിൽ പ്രസ്തുത തുക ലാപ്സാവുന്നതാണ്.

## 2. പദ്ധതിയുടെ പ്രത്യേകതകൾ

2.1 ഓരോ എം.എൽ.എ.-യ്ക്കും നിയോജകമണ്ഡലത്തിലെ പ്രാദേശിക ആവശ്യകതയ്ക്ക് അനുസരിച്ച് 5 കോടി രൂപയുടെ പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതും ആയത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർ നടപ്പാക്കേണ്ടതുമാണ്. സർക്കാർ/പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾ/ അംഗീകരിക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേനയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടത്.

2.2 മറ്റു പദ്ധതികൾ, സ്കീമുകൾ എന്നിവയുടെ പൂർത്തീകരണത്തിനായോ മറ്റു ഫണ്ടുകളുമായി ചേർത്തുകൊണ്ടോ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നാൽ NABARD-RIDF സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട് പദ്ധതി എന്നിവയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

2.3 എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പദ്ധതിപ്രദേശം എം.എൽ.എ.-യുടെ അനുമതിയില്ലാതെ മാറ്റുവാൻ പാടില്ല.

2.4 നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ദീർഘകാലം നിലനിൽക്കുന്ന മൂലധനസ്വഭാവമുള്ള ആസ്തികളായിരിക്കണം. അത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ അത്തരം ആസ്തികളുടെ വിൽപ്പന, കൈമാറ്റം, തീർപ്പാക്കൽ എന്നിവ അനുവദനീയമല്ല. അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ സംരക്ഷണവും ചുമതലയും ഏത് സ്ഥാപനത്തിന് വേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത് അവരിൽ നിക്ഷിപ്തമായിരിക്കും. സർക്കാരിതര ഗുണഭോക്തൃ സ്ഥാപനങ്ങൾക്കാണ് ആസ്തി വികസന പദ്ധതി വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതെങ്കിൽ അത്തരം സ്ഥാപനങ്ങൾ മേൽ നിബന്ധനകൾ പാലിക്കുന്നതാണെന്ന് സർക്കാരുമായി ഒരു ഉടമ്പടി ഉണ്ടാക്കേണ്ടതാണ്.

2.5 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ അനുബന്ധം 1 ആയും അനുവദനീയമല്ലാത്ത പ്രവൃത്തികൾ അനുബന്ധം 2 ആയും നൽകിയിട്ടുണ്ട്.



2.6 നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പൂർണ്ണമായും ഓൺലൈൻ വെബ് അധിഷ്ഠിതമായാണ് കൈകാര്യം ചെയ്യുന്നത് (http://ads2.kerala.gov.in).

2.7 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റുകൾ ഏറ്റവും പുതിയ SoR പ്രകാരം 'പ്രൈസ് സോഫ്റ്റ് വെയർ'-ൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് വരുന്നപക്ഷം ആയത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായാണ് പരിശോധിക്കേണ്ടത്.

2.8 ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചു കോടി രൂപയിൽ കണക്കാക്കി കൂടുതൽ/ കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2017-18-നു കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19-നു കീഴിൽ പരിഗണിക്കാവുന്നതാണ്.

2.9 ഒരു സാമ്പത്തികവർഷത്തെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്.

2.10 ടെണ്ടർ എക്സസ് ആണ് വരുന്നതെങ്കിൽ ആയത് അടുത്ത സാമ്പത്തിക വർഷത്തെ 5 കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ-യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

2.11 പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും ഇ-ടെണ്ടർ വ്യവസ്ഥയിലാണ് നടപ്പിലാക്കേണ്ടത്.

2.12 ഇ-ടെണ്ടറിംഗ്, പദ്ധതികളുടെ നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും/പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും നിയോജകമണ്ഡല ആസ്തിവികസന പദ്ധതിക്ക് ബാധകമാണ്.

2.13 നിയോജകമണ്ഡല ആസ്തിവികസന പദ്ധതി വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നതിനാൽ സർക്കാർ സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നത്, സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുന്നത് എന്നിവയ്ക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രം) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി ബസ് വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ ആവശ്യകതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ബസ് അനുവദിക്കുന്നതിന്റെ ഭാഗമായി യാതൊരു വിധത്തിലുള്ള തസ്തിക സൃഷ്ടിക്കലോ ആവർത്തന ചെലവുകളോ ആസ്തി വികസന പദ്ധതിയിൽ നിന്ന് അനുവദിക്കുന്നതല്ല.

2.14 നിയോജകമണ്ഡല ആസ്തിവികസന പദ്ധതി ആരോഗ്യ മേഖലയ്ക്കും ഊന്നൽ നൽകിയിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാതെയുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് അത്തരം ഉപകരണങ്ങൾ മൂലധനസ്വഭാവമുള്ളവയാണെന്നും അവയുടെ മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊള്ളാമെന്നുമുള്ള ബന്ധപ്പെട്ട ആശുപത്രിയുടെ മേലധികാരിയുടെ സത്യവാങ്മൂലവും കൃത്യമായ ഇൻവോയിസുകളും സമർപ്പിക്കേണ്ടതാണ്. ആവർത്തന ചെലവ് വരുന്നതും മൂലധനസ്വഭാവമില്ലാത്തതുമായ യാതൊരുവിധ വാങ്ങലുകളും അനുവദനീയമല്ല.

## 3. പ്രവൃത്തികളുടെ ഭരണാനുമതിയും നിർവ്വഹണവും

3.1 ഒരു പ്രവൃത്തി തിരഞ്ഞെടുക്കുന്നതിനും ആയതിന് ഭരണാനുമതി നൽകുന്നതിനും എം.എൽ.എ.-യുടെ അനുമതി ജില്ലാ കളക്ടർ നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ എം.എൽ.എ. ശുപാർശ ലഭ്യമാക്കിയതിനുശേഷം സാങ്കേതിക കാരണങ്ങളാൽ (ഉദാ: സ്ഥലലഭ്യത ഇല്ലായ്മ, ശുപാർശ ചെയ്ത പ്രവൃത്തി പ്രസ്തുത സ്ഥലത്തിന് അനുയോജ്യമല്ലാതെ വരുന്ന സാഹചര്യങ്ങൾ) നടപ്പിലാക്കാൻ കഴിയാതെ വരുകയാണെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ എം.എൽ.എ.-യ്ക്ക് കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ഒരു റിപ്പോർട്ട് നൽകേണ്ടതാണ്.



3.2 എം.എൽ.എ.-മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തി നിർദ്ദേശങ്ങൾക്കുമേൽ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും (ഉദാ: പി.ഡബ്ല്യൂ.ഡി., തദ്ദേശസ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി തുടങ്ങിയവ) വിശദമായ എസ്റ്റിമേറ്റ് ഏറ്റവും പുതിയ SoR പ്രകാരം 'പ്രൈസ് സോഫ്റ്റ്‌വെയറിൽ' തയ്യാറാക്കി വാങ്ങേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും ആണ്. ഒരു സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി പ്രസ്തുത സാമ്പത്തിക വർഷത്തിൽത്തന്നെ പുറപ്പെടുവിക്കേണ്ടതാണ്.

3.3 ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് എം.എൽ.എ. ശുപാർശ ചെയ്തിരിക്കുന്ന പ്രവൃത്തികളുടെ പ്രായോഗികത ബന്ധപ്പെട്ട വകുപ്പുകളിലെ സാങ്കേതിക വിദഗ്ദ്ധർ ഉറപ്പുവരുത്തേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3.4 നിയോജകമണ്ഡല ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ശുപാർശകൾക്ക് പൊതുമരാമത്ത് (ഇലക്ട്രിക്കൽ) വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ പുതുക്കിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം അനുമതി നൽകേണ്ടത്.

3.5 എം.എൽ.എ.-മാർ സമർപ്പിച്ച ശുപാർശകളിന്മേലുള്ള ഭരണാനുമതി, സാങ്കേതികാനുമതി, നിർവ്വഹണം സംബന്ധിച്ച സമയപരിധി എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി നൽകുന്നു.

3.6 പ്രതിമാസ പ്രവൃത്തി പുരോഗമന റിപ്പോർട്ട് തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പായി **അനുബന്ധം 4**-ൽ നൽകിയിരിക്കുന്ന മാതൃക പ്രകാരം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച് ഒരു ത്രൈമാസ റിപ്പോർട്ടും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എം.എൽ.എ.-മാർക്ക് നൽകേണ്ടതാണ്.

3.7 എം.എൽ.എ.-മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുമുമ്പ് സ്ഥലലഭ്യത, ഏറ്റവും പുതിയ SoR പ്രകാരമുള്ള എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3.8 എം.എൽ.എ. ശുപാർശ ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുമുമ്പ് പദ്ധതിയുടെ ഗുണഭോക്താവായ സ്ഥാപനത്തിന്റെ ആവശ്യങ്ങൾ/അഭിപ്രായങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

GCPT. 4/1976/2019/500/S-23.

3.9 നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നോഡൽ ഓഫീസർമാർ അതത് ജില്ലാ കളക്ടർമാർ ആയതിനാൽ ഗുണഭോക്തൃ വകുപ്പുകൾ തമ്മിലുള്ള ശരിയായ ഏകോപനം ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

3.10 എം.എൽ.എ. ശുപാർശ ചെയ്യുന്ന പ്രവൃത്തികളും അവയുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ, നിർവ്വഹണം, പുരോഗതി, ഫണ്ടനുവദിക്കൽ, ഏതു വകുപ്പിലേക്കാണ് പ്രസ്തുത പ്രവൃത്തി അനുവദിച്ചത് എന്നത് സംബന്ധിച്ച് ഓരോ എം.എൽ.എ.യ്ക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ സ്ഥാപനങ്ങൾ/വകുപ്പുകളും എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് സൃഷ്ടിക്കപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ് തുക, പ്രവൃത്തി പൂർത്തീകരിച്ച തീയതി എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

3.11 ഒരു നിയോജകമണ്ഡലം രണ്ട് ജില്ലകളിലായിട്ടാണെങ്കിൽ നിയോജകമണ്ഡലത്തിന്റെ വിസ്തീർണ്ണത്തിന്റെ ഭൂരിഭാഗം സ്ഥിതിചെയ്യുന്ന ജില്ലയുടെ കളക്ടറാണ് പ്രവൃത്തികളിൽ തീരുമാനം കൈക്കൊള്ളേണ്ടത്.

3.12 നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾ വിവിധ സംസ്ഥാന ഏജൻസികളായ പൊതുമരാമത്ത്, ഗ്രാമവികസനം, ജലവിഭവം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പ്രാദേശിക വികസന അതോറിറ്റികൾ, ജല അതോറിറ്റി, സർക്കാർ അംഗീകരിച്ചിട്ടുള്ള വിവിധ അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേനയാണ് നടത്തേണ്ടത്. ഓരോ ജില്ലയിലെയും കളക്ടർമാരാണ് ഇവയുടെ ഏകോപനവും മേൽനോട്ടവും വഹിക്കേണ്ടത്. നിർവ്വഹണ ഏജൻസികൾക്ക് ഭരണ ചെലവുകൾ, സെന്റേജ് ചാർജ്ജ് (അക്രഡിറ്റഡ് ഏജൻസികൾ ഒഴികെ) എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും നിർവ്വഹണ ഏജൻസികൾക്ക് ബാധകമാണ്.

3.13 ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ് സംസ്ഥാനതലത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. നിയോജകമണ്ഡല ആസ്തിവികസന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പൊതു ഉത്തരവുകൾ/നിർദ്ദേശങ്ങൾ, സ്പഷ്ടീകരണങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നതും ആവശ്യമായ തുക അനുവദിക്കുന്നതും ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നിന്നാണ്. അത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ എല്ലാ എം.എൽ.എ.മാർക്കും ലഭ്യമാക്കുന്നതാണ്.



3.14 പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ സാധാരണഗതിയിലുള്ള എല്ലാ ധനകാര്യ പരിശോധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമാകുന്നതാണ്.

3.15 ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക അതത് നിയോജക മണ്ഡലങ്ങൾക്കുള്ളതാണ്. ഏതെങ്കിലും കാരണവശാൽ എം.എൽ.എ.-യ്ക്ക് മാറ്റം ഉണ്ടായാലും ആ മണ്ഡലത്തിലേക്ക് വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് മാറ്റം വരുന്നതല്ല. അത്തരം സന്ദർഭങ്ങളിൽ മുൻ എം.എൽ.എ.യുടെയും പുതിയ എം.എൽ.എ.യുടെയും ഏകോപനാധികാരിയായി അതത് ജില്ലാ കളക്ടർമാർ പ്രവർത്തിക്കേണ്ടതാണ്.

3.16 ഏതെങ്കിലും കാരണങ്ങളാൽ എം.എൽ.എ.യ്ക്ക് മാറ്റം ഉണ്ടാകുന്നപക്ഷം താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്:

(i) മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തി നിർവ്വഹണാവസ്ഥയിലാണെങ്കിൽ ആയത് പൂർത്തീകരിക്കേണ്ടതാണ്.

(ii) മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തി, ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽപ്പോലും മാതൃകാ പെരുമാറ്റചട്ടം കാരണമോ മറ്റേതെങ്കിലും കാരണങ്ങളാലോ നിർവ്വഹണം ആരംഭിച്ചിട്ടില്ലായെങ്കിൽ പുതിയ എം.എൽ.എ.യുടെ സമ്മതത്തോടുകൂടി മാത്രമേ നടപ്പിലാക്കാവൂ. പുതുതായി തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.യ്ക്ക് പ്രസ്തുത പ്രവൃത്തിയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനോ പകരം മറ്റൊരു പ്രവൃത്തി ശുപാർശ ചെയ്യുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതാണ്.

3.17 നിയോജകമണ്ഡലങ്ങൾ പുനർനിർണ്ണയിക്കുന്ന സന്ദർഭങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക താഴെപ്പറയുന്ന രീതിയിൽ ഉപയോഗിക്കേണ്ടതാണ്:

(i) പുനർനിർണ്ണയത്തിനുശേഷം രൂപീകരിക്കുന്ന പുതിയ മണ്ഡലം പഴയ മണ്ഡലത്തിന്റെ ഭൂപ്രകൃതിയുടെ 75 ശതമാനമോ അതിൽ കൂടുതലോ ഉൾപ്പെടുന്നതാണെങ്കിൽ അവശേഷിക്കുന്ന മുഴുവൻ തുകയും പുതിയ മണ്ഡലത്തിനായി വിനിയോഗിക്കാവുന്നതാണ്.

(ii) പുനർനിർണ്ണയത്തിനുശേഷം രൂപീകരിക്കുന്ന പുതിയ മണ്ഡലം പഴയ മണ്ഡലത്തിന്റെ ഭൂപ്രകൃതിയുടെ 75 ശതമാനത്തിന് താഴെയാണെങ്കിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പഴയ മണ്ഡലത്തിന്റെയും പുതിയ മണ്ഡലത്തിന്റെയും ഭൂപ്രകൃതിക്ക് ആനുപാതികമായി വിഭജിച്ച് നൽകേണ്ടതാണ്.

3.18 അനുബന്ധം 1-ൽ നൽകിയിരിക്കുന്ന പ്രവൃത്തികളല്ലാതെയുള്ളവ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ അനുവദനീയമല്ല. എന്നാൽ അത്തരം പ്രവൃത്തികൾ മണ്ഡലത്തിൽ അനിവാര്യമാണെന്ന് എം.എൽ.എ.-യ്ക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ആയത് ബഹു. ധനകാര്യ മന്ത്രിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്.

3.19 അനുബന്ധം 1-ൽ നൽകിയിട്ടുള്ള പ്രവൃത്തികൾക്കുപരിയായി എം.എൽ.എ.-മാർ പ്രവൃത്തികൾ ശുപാർശ ചെയ്യുന്നപക്ഷം ആയവയ്ക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനായി യാതൊരു കാരണവശാലും ജില്ലാ കളക്ടർമാർ സർക്കാരിനെ സമീപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം തേടാവുന്നതാണ്.

3.20 <u>ചെക്ക് ലിസ്റ്റ്</u> :—ഭരണാനുമതിക്കായി എം.എൽ.എ.-മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ **അനുബന്ധം 5**-ലെ ചെക്ക് ലിസ്റ്റ് പ്രകാരമാണോ യെന്നുള്ളത് ഭരണാനുമതി പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ നിർബന്ധമായും പരിശോധിച്ചിരിക്കേണ്ടതാണ്.

**4. തുക അനുവദിക്കൽ**

4.1 ഓരോ എം.എൽ.എ.-യ്ക്കും 5 കോടി രൂപ വീതം പ്രതിവർഷം 705 കോടി രൂപ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4.2 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് ഓരോ എം.എൽ.എ.-യ്ക്കും പ്രതിവർഷം 5 കോടി രൂപയിൽ നിജപ്പെടുത്തിക്കൊണ്ട് ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്.

4.3 ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി നേരിട്ട് വിലയിരുത്തി സമർപ്പിക്കുന്ന ബില്ലുകൾക്ക് അനുവദനീയമായ തുക മാത്രം കാലാകാലങ്ങളിൽ സർക്കാരിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അനുവദിക്കുന്നതാണ്.

4.4 നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ അനുവദിച്ച തുക ഏതെങ്കിലും കാരണങ്ങളാൽ ഒരു എം.എൽ.എ.-യ്ക്ക് ഉപയോഗിക്കുവാൻ താൽപ്പര്യം ഇല്ലാത്തപക്ഷം ആയത് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിനെ അറിയിക്കേണ്ടതും ആയത് പിൻവലിക്കുന്നതുമാണ്.



4.5 സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ് തുക അനുവദിച്ച് നൽകേണ്ടത്.

4.6 ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയതും, പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്നതുമായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നത് Special LoC സംവിധാനം വഴി ആയിരിക്കും.

**5. നിരീക്ഷണ ക്രമീകരണങ്ങൾ**

5.1 നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നോഡൽ വകുപ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ്. ഒരു വർഷം അനുവദിക്കുന്ന ആകെ പ്രവൃത്തികളിൽ 10 ശതമാനത്തിന്റെ എങ്കിലും പുരോഗതി ജില്ലാ കളക്ടർമാർ നേരിട്ട് വിലയിരുത്തേണ്ടതാണ്. മുഴുവൻ പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ആവശ്യമായ 'ഡെലിഗേഷൻ' ജില്ലാ കളക്ടർമാർ തങ്ങളുടെ കീഴുദ്യോഗസ്ഥന്മാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മാസത്തിൽ 2 തവണ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശനം നടത്തേണ്ടതും റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുമാണ്.

5.2 ധനകാര്യ ജില്ലാ പരിശോധനാ വിഭാഗങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് പ്രവൃത്തികളും എല്ലാ മാസവും പരിശോധന നടത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്.

5.3 എം.എൽ.എ.-മാർക്ക് അനുവദിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച പൂർണ്ണമായ ഒരു റിപ്പോർട്ട് ജില്ലാ കളക്ടർമാർ സാമ്പത്തികവർഷാവസാനം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകേണ്ടതാണ്.

5.4 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിച്ച പ്രവൃത്തികളെയും അവയുടെ പുരോഗതിയെയും സംബന്ധിച്ച അവലോകനം ഒരു വർഷം രണ്ട് തവണ എങ്കിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്.

5.5 പൂർണ്ണമായും ഓൺലൈൻ വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ നടപ്പിലാക്കുന്ന നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പരിശീലനം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതാണ്.

**6. പൊതുവായ നിർദ്ദേശങ്ങൾ**

6.1 നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഉടൻതന്നെ ആയത് പൊതുജനങ്ങളുടെ ഉപയോഗത്തിനായി വിട്ടുനൽകേണ്ടതാണ്.

6.2 പദ്ധതി നിർവ്വഹണത്തിനിടയിൽ ഏതെങ്കിലും കാരണങ്ങളാൽ ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത വിശദീകരണങ്ങളോ സ്പഷ്ടീകരണങ്ങളോ ആവശ്യമാണെന്ന് തോന്നുന്നപക്ഷം എം.എൽ.എ.-മാർക്ക്/ജില്ലാ കളക്ടർമാർക്ക് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിനെ സമീപിക്കാവുന്നതാണ്.



അനുബന്ധം 1

## അനുവദനീയമായ പ്രവൃത്തികൾ, പ്രവൃത്തികളുടെ എണ്ണം, അനുവദനീയമായ തുക

ഒരു സാമ്പത്തികവർഷം നിയോജകമണ്ഡല ആസ്തിവികസന ഫണ്ടായി ഒരു എം.എൽ.എ.-യ്ക്ക് അനുവദിക്കുന്ന 5 കോടി രൂപയിൽ 10 ലക്ഷം രൂപയോ അതിനുമുകളിലോ അടങ്കൽ തുകയുള്ള പരമാവധി 20 പ്രവൃത്തികൾ അനുവദനീയമാണ്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു:

(i) സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിൽ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, ഓവുചാലുകൾ, കലുങ്കുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം.

(ii) സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, പാർക്കുകൾ, മൈതാനങ്ങൾ, കളിസ്ഥലം എന്നിവയുടെ നിർമ്മാണം.

(iii) കുടിവെള്ള പദ്ധതികൾ, ചെറുകിട ജലസേചന പദ്ധതികൾ തുടങ്ങിയവ.

(iv) പൊതുജനോപകാരപ്രദമായ സേവനങ്ങൾ ചെയ്യുന്ന കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ, വൈദ്യുതീകരണം നടത്തുന്നത്, ബസ് സ്റ്റാന്റ്, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം. എന്നാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുവാൻ പാടില്ല.

(v) സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം.

(vi) സർക്കാർ വിദ്യാലയങ്ങളിൽ/കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ.

(vii) റോഡുകളുടെ സംരക്ഷണഭിത്തി നിർമ്മാണം.

(viii) സർക്കാർ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ, തോടുകൾ എന്നിവയ്ക്ക് സംരക്ഷണഭിത്തി കെട്ടി നവീകരിക്കുന്നത്.

(ix) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ.

(x) ആശുപത്രികൾ, പൊതുജനാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടികൾ എന്നിവയ്ക്കുള്ള കെട്ടിട നിർമ്മാണം, മൂലധന സ്വഭാവമുള്ള ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നത്.

(xi) എയ്ഡഡ് സ്കൂളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയ്ക്കുള്ള ടോയ്ലെറ്റുകൾ/പാചകപ്പുര എന്നിവ നിർമ്മിക്കുന്നതിന്.

(xii) ക്ഷീര സഹകരണ സംഘങ്ങൾക്ക് 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള കെട്ടിട നിർമ്മാണം.



അനുബന്ധം 2

## അനുവദനീയമല്ലാത്ത പ്രവൃത്തികൾ

1. സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത കെട്ടിടങ്ങളുടെ, കളിസ്ഥലങ്ങളുടെ നിർമ്മാണം.
2. സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിട നിർമ്മാണം.
3. എയ്ഡഡ് സ്കൂളുകളിലെ ടോയ്ലെറ്റ്, പാചകപ്പുര എന്നിവയല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ, ബസ്സ് വാങ്ങൽ, ചലഞ്ച് ഫണ്ടിലൂടെ അല്ലാതെയുള്ള സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ എന്നിവ.
4. കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവയല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ.
5. ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ, ഏതെങ്കിലും തരത്തിലുള്ള സ്റ്റോക്ക്, ഇൻവെന്ററി വാങ്ങൽ തുടങ്ങിയവ.

GCPT. 4/1976/2019/500/S-23.

## അനുബന്ധം 3

## ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി

1. എം.എൽ.എ.-മാർ സമർപ്പിക്കുന്ന ശുപാർശകളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽതന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതി രേഖകൾ (DPR) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണ്.

2. പ്രവർത്തികൾക്കായുള്ള പദ്ധതി രേഖകൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ ഡെലിഗേഷൻ അനുസരിച്ച് തയ്യാറാക്കേണ്ടതാണ്. ഭരണാനുമതി നൽകുന്നതിനായി ആയവ എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ശുപാർശ ചെയ്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, അവ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമാണെങ്കിൽ രണ്ട് മാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും തയ്യാറാക്കേണ്ടതാണ്.

3. മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശുപാർശകൾക്ക് ഒരാഴ്ചയ്ക്കകം ഭരണാനുമതി നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നൽകേണ്ടതുമാണ്.

4. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

5. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകേണ്ടതാണ്.

6. ഭരണാനുമതി പുറപ്പെടുവിക്കുന്ന പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഭരണാനുമതി പുറപ്പെടുവിച്ച തീയതി മുതൽ 2 വർഷത്തിനകം ആരംഭിച്ചിട്ടില്ലെങ്കിൽ ആയവയ്ക്കായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. പ്രത്യേകാനുമതിയിലൂടെയായിരിക്കും ഇത്തരത്തിലുള്ള പുതുക്കിയ ഭരണാനുമതി നൽകുക.

7. സമയബന്ധിതമായി പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കാത്ത എം.എൽ.എ.-മാർക്ക് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്ത് അയയ്ക്കേണ്ടതാണ്.



## അനുബന്ധം 4

## പ്രതിമാസ/ത്രൈമാസ പുരോഗതി റിപ്പോർട്ടിന്റെ മാതൃക

**നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ**
**പ്രതിമാസ/ത്രൈമാസ പുരോഗതി റിപ്പോർട്ട്**

..................,..................................................(മാസത്തിന്റെ പേര്, വർഷം)

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | നിയോജക മണ്ഡലത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | എം.എൽ.എ. ശുപാർശ ചെയ്ത തുക | ഭരണാനുമതി നമ്പരും തീയതിയും | ഭരണാനുമതി തുക | പ്രോഗ്രസ്സീവ് ടോട്ടൽ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

## അനുബന്ധം 5

## ചെക്ക് ലിസ്റ്റിന്റെ മാതൃകാരൂപം

1. എം.എൽ.എ.-യുടെ പേര് :
2. പ്രവൃത്തിയുടെ പേര് :
3. എസ്റ്റിമേറ്റ് തുക :
4. നിർവ്വഹണ ഏജൻസിയുടെ പേര് :
5. എസ്റ്റിമേറ്റ് തയ്യാറാക്കിയത് (ഏജൻസിയുടെ പേര്/വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) :
6. എം.എൽ.എ. നിർദ്ദേശിച്ച തുക :
7. എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏറ്റവും പുതിയ SoR പ്രകാരമാണോ? വ്യക്തമാക്കുക :
8. തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിരിക്കുന്നത് അധികാരപ്പെട്ട ഉദ്യോഗസ്ഥനാണോ :
9. തടസ്സമില്ലാത്ത ഭൂമി ലഭ്യമാണോ :
10. തയ്യാറാക്കിയ എസ്റ്റിമേറ്റ് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണോ :
11. വനം വകുപ്പ്/ഇന്ത്യാ ഗവൺമെന്റ്/റെയിൽവെ/മറ്റേതെങ്കിലും വകുപ്പുകൾ/അധികാരികൾ എന്നിവരിൽനിന്നും ക്ലിയറൻസ് ആവശ്യമായിട്ടുണ്ടോ. ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുക :
12. നിർദ്ദേശം പുതിയതോ അതോ നിലവിലുള്ളത് ശക്തിപ്പെടുത്തുന്നതിനോ ആണോ :
13. പ്രവൃത്തിയുടെ സ്വഭാവം (അറ്റകുറ്റപ്പണി/നിർമ്മാണം/പുനരുദ്ധാരണം/സ്ഥാപിക്കൽ/വാങ്ങൽ/സഹായധനം/മറ്റേതെങ്കിലും ഇനം) :



14. പ്രവൃത്തി മൂലധന സ്വഭാവമുള്ളതാണോ :
15. ആവർത്തന ചെലവ് ഉൾപ്പെട്ടതാണോ :
16. ശുപാർശ ഏതെങ്കിലും പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഭാഗമായിട്ടുള്ളതാണോ :
17. നിക്ഷേപ പ്രവൃത്തിയാണോ :
18. ഏതെങ്കിലും തസ്തിക സൃഷ്ടിക്കൽ ഉൾപ്പെട്ടിട്ടുണ്ടോ :
19. നിർമ്മാണ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ഭൂമി ഏതെങ്കിലും സൊസൈറ്റി/ട്രസ്റ്റ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/കേരള സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾ/ഇന്ത്യാ ഗവൺമെന്റ് അധീനതയിലുള്ളതാണോ :
20. എസ്റ്റിമേറ്റിൽ താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ
    (a) അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജസ് :
    (b) സെന്റേജ് ചാർജ്ജസ് :
    (c) ഓവർഹെഡ് ചാർജ്ജസ് :
    (d) സൂപ്പർവിഷൻ ചാർജ്ജസ് :
21. പദ്ധതി നിർദ്ദേശത്തിൽ ഏതെങ്കിലും വാണിജ്യപരമായ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ :
22. ഏതെങ്കിലും ഫണ്ടിനോട് ചേർത്ത് ഉപയോഗിക്കുന്നതാണോ. ആണെങ്കിൽ വിശദവിവരങ്ങൾ :

______________________

GCPT. 4/1976/2019/500/S-23.

# SPECIAL DEVELOPMENT FUND FOR 2021-26

**Name of MLA : Shri.C.K HAREENDRAN**

**Name of Constituency: PARASSALA**

| Sl.No | Name of Works | A.S.Amt Sanctioned (In Rupees) | Implementing Agency | No.& date of A S | Expenditure | Present Stage |
|---|---|---|---|---|---|---|
| **2021-22** | | | | | | |
| 1 | Construction of Vazhiyambalam and Handrail for Sasthampara Temple road in Manavari ward, Kunnathukal Grama Panchayath. | 492000 | AEE, Perumkadavila Block | D1-2232/21 Dt:13.10.21 | 488639 | Completed |
| 2 | Purchase & Installation of Automatic Milk Collection Unit for Cheriyakolla Milk Cooperative Society No.T.103 D (Apcos), Vengodu, Cheriyakolla P.O. | 163800 | DEO, Perumkadavila | D1-2484/21 Dt:06.11.21 | 163800 | Completed |
| 3 | Purchase & Installation of Automatic Milk Collection Unit for Karikkamancode Milk Cooperative Society No.T.45 D (Apcos), Kudayal, Kudayal P.O. | 163800 | DEO, Perumkadavila | D1-2486/21 Dt:06.11.21 | 163800 | Completed |
| 4 | Purchase & Installation of Automatic Milk Collection Unit for Kokkidiyil Milk Cooperative Society No.T.107 D (Apcos), Kottaikkal P.O. | 163800 | DEO, Perumkadavila | D1-2488/21 Dt:06.11.21 | 163800 | Completed |
| 5 | Purchase of 15 no’s of Desktop Computers for Maths’s Lab at Undancode St. Jhon’s HSS, Cheriyakolla P.O. | 434860 | Keltron | D1-2490/21 Dt:06.11.21 | 434860 | Completed |
| 6 | Completion work of Kallikkadu PHC in Kallikkadu Grama Panchayath. | 499000 | AEE, Perumkadavila Block | D1-344(1)/22 Dt:07.02.22 | 498927 | Completed |

| | | | | | | |
|---|---|---|---|---|---|---|
| 7 | Construction of Culvert at Kudappanamoodu in Amboori Grama Panchayath. | 470000 | AEE, Perumkadavila Block | D1-344(2)/22 Dt:07.02.22 | 469641 | Completed |
| 8 | Electrification of Sub centre building at Melekonam ward in Parassala Grama Panchayath. | 150000 | AEE, Parassala Block | D1-605/22 Dt:28.02.22 | 148927 | Completed |
| 9 | Purchase of an Ambulance to Kallikkadu Family Health Centre in Kallikkadu Grama Panchayath. | 1747608 | Secretary, Kallikkadu GP | D1-2569/21 Dt:19.11.21 | 1747608 | Completed |
| 10 | Purchase of an Ambulance to Chembur Family Health Centre in Aryancode Grama Panchayath. | 1747608 | Secretary, Aryancode GP | D1-2570/21 Dt:19.11.21 | 1747608 | Completed |
| 11 | Purchase of an Ambulance to Parassuvaikkal Family Health Centre in Parassala Grama Panchayath. | 1747608 | Secretary, Parassala GP | D1-2572/21 Dt:19.11.21 | 1747608 | Completed |
| 12 | Purchase of an Ambulance to Poozhanadu Family Health Centre in Ottasekharamangalam Grama Panchayath. | 1747608 | Secretary, Ottasekharamangalam GP | D1-2574/21 Dt:19.11.21 | 1747608 | Completed |
| **2022-23** | | | | | | |
| 1 | Purchase of an Ambulance to Vellarada Community Health Centre in Perumkadavila Block Panchayat | 1724486 | BDO, Perumkadavila | D1-619/22 Dt:08.04.22 | 1724486 | Completed |
| 2 | Amboori sub centre interlocking and allied works in Amboori Grama Panchayat. | 490000 | AEE, Perumkadavila Block | D1-2414/22 Dt:06.08.22 | 394338 | Completed |
| 3 | Construction of Toilet Block for GLPS Marayamuttom. | 490000 | AEE, Perumkadavila Block | D1-3611/22 Dt:26.11.22 | 488113 | Completed |
| 4 | Construction of Kitchen for GHSS Keezharoor in Aryancode Grama Panchayat. | 496000 | AEE, Perumkadavila Block | D1-3616/22 Dt:26.11.22 | 494511 | Completed |

| | | | | | | |
|---|---|---|---|---|---|---|
| 5 | Setting up of E- Office Equipments to 12 Village Offices in Parassala LAC | 1328128 | Keltron | D1-3709/22 Dt:08.12.22 | 1328128 | Completed |
| 6 | Purchase & Installation of Automatic Milk Collection Unit for Mylakkara Milk Cooperative Society No.T.138 D (APCOS), Mylakkara P.O. | 162700 | DEO, Perumkadavila | D1-3721/22 Dt:08.12.22 | 162700 | Completed |
| 7 | Purchase & Installation of Automatic Milk Collection Unit for Arattukuzhi Milk Cooperative Society No.T.180 D (APCOS), Koothali P.O. | 162700 | DEO, Perumkadavila | D1-3723/22 Dt:08.12.22 | 162700 | Completed |
| 8 | Purchase & Installation of Automatic Milk Collection Unit for Ambakamthala Milk Cooperative Society No.T.348 D (APCOS), Keezharoor P.O. | 162700 | DEO, Perumkadavila | D1-3725/22 Dt:08.12.22 | 162700 | Completed |
| 9 | Purchase & Installation of Automatic Milk Collection Unit for Elluvila Milk Cooperative Society No.T.53 D (Apcos), Elluvila P.O. | 162700 | DEO, Perumkadavila | D1-3727/22 Dt:07.12.22 | 162700 | Completed |
| 10 | Purchase & Installation of Automatic Milk Collection Unit for Manchavilakam Milk Cooperative Society No.T.151 D (APCOS), Manchavilakam P.O. | 162700 | DEO, Perumkadavila | D1-3729/22 Dt:07.12.22 | 162700 | Completed |
| 11 | Purchase & Installation of Automatic Milk Collection Unit for Koviluvila Milk Cooperative Society No.T.292 D (Apcos), Dalumugham P.O. | 162700 | DEO, Perumkadavila | D1-3731/22 Dt:07.12.22 | 162700 | Completed |

| | | | | | | |
|---|---|---|---|---|---|---|
| 12 | Purchase & Installation of Automatic Milk Collection Unit for Kunnathukaal Milk Cooperative Society No.T.51 D (APCOS), Karakkonam P.O. | 162700 | DEO, Perumkadavila | D1-3733/22 Dt:07.12.22 | 162700 | Completed |
| 13 | Purchase & Installation of Automatic Milk Collection Unit for Kathippara Milk Cooperative Society No.T.169 D (APCOS), Koothali P.O. | 162700 | DEO, Perumkadavila | D1-3735/22 Dt:07.12.22 | 162700 | Completed |
| 14 | Purchase & Installation of Automatic Milk Collection Unit for Thellukuzhi Milk Cooperative Society No.T.43 D (APCOS), Keezharoor P.O. | 162700 | DEO, Perumkadavila | D1-3737/22 Dt:07.12.22 | 162700 | Completed |
| 15 | Purchase & Installation of Automatic Milk Collection Unit for Vadakara Milk Cooperative Society No.T.134 D (Apcos), Marayamuttom P.O. | 162700 | DEO, Perumkadavila | D1-3739/22 Dt:07.12.22 | 162700 | Completed |
| 16 | Purchase & Installation of Automatic Milk Collection Unit for Chulliyoor Milk Cooperative Society No.T.174 D (APCOS), Marayamuttom P.O. | 162700 | DEO, Perumkadavila | D1-3741/22 Dt:07.12.22 | 162700 | Completed |
| 17 | Purchase & Installation of Automatic Milk Collection Unit for Nattupara Milk Cooperative Society No.T.265 D (APCOS), Dalumugham P.O. | 162700 | DEO, Perumkadavila | D1-3743/22 Dt:07.12.22 | 162700 | Completed |

| | | | | | | |
|---|---|---|---|---|---|---|
| 18 | Purchase & Installation of Automatic Milk Collection Unit for Palkulangara Milk Cooperative Society No.T.371 D (APCOS), Anavoor P.O. | 162700 | DEO, Perumkadavila | D1-3745/22 Dt:07.12.22 | 162700 | Completed |
| 19 | Puchase of Books for Public Libraries from KLIBF 2022. | 300000 | Secretary KLA | D1-E.222946/23 | 300000 | Completed |
| 20 | Construction of Bus Shelter at Mannamkonam in Aryancode Grama Panchayat. | 280000 | AEE, Perumkadavila Block | D1-383/23 Dt:28.02.23 | 279959 | Completed |
| 21 | Purchase of Books for Libraries in 44 No's of Aided Educational Institutions. | 428560 | BDO, Perumkadavila Block | D1-436/23 Dt:10.03.23 | 428560 | Completed |
| 22 | Purchase of Books for Libraries in 31 No's of Government Educational Institutions. | 321470 | BDO, Perumkadavila Block | D1-438/23 Dt:10.03.23 | 321470 | Completed |
| 23 | Construction of Gate for NKM Govt.HSS Dhanuvachapuram. | 495000 | AEE, Perumkadavila Block | D1-3609/22 Dt:26.11.22 | | AS Issued |
| 24 | Construction of Bus Shelter at Paliyode in Kunnathukal Grama Panchayat. | 280000 | AEE, Perumkadavila Block | D1-433/23 Dt:09.03.23 | | AS Issued |
| 25 | Concreting of Pallithara Thettiyara road in Perumkadavila Block Panchayat. | 388000 | AEE, Perumkadavila Block | M1-2004/23 Dt:13.07.23 | | AS Issued |
| 26 | Construction of Thalachanvila road in Parassala Grama Panchayat . | 499000 | AEE, Perumkadavila Block | M1-2006/23 Dt:13.07.23 | | AS Issued |
| **2023-24** | | | | | | |
| 1 | Purchase & Installation of Automatic Milk Collection Unit for 17 no's of Milk Cooperative Societies. | 2765900 | DEO, Perumkadavila | M1-3367/23 Dt:16.08.23 | 2765900 | Completed |

| | | | | | | |
|---|---|---|---|---|---|---|
| 2 | Purchase & Installation of Automatic Milk Collection Unit for Kallikkadu and Maayam Milk Cooperative Societies. | 325400 | DEO, Perumkadavila | M1-3831/23 Dt:05.09.23 | 325400 | Completed |
| 3 | KLIBF 2023 - Purchase of books for Higher Seconadry Schools. | 140000 | Regional DD(HSS) | M1-5624(1)/23 Dt:02.11.23 | | AS Issued |
| 4 | KLIBF 2023 - Purchase of books for Public Libraries. | 160000 | AO, KSLC | M1-5624(2)/23 Dt:02.11.23 | | AS Issued |
| 5 | Completion of cellar floor of GLPS Ayiroor in Perumkadavila Grama Panchayat. | 500000 | AEE, Perumkadavila Block | M1-5726/23 Dt:06.11.23 | | AS Issued |
| 6 | Laying interlock at Govt.UPS Kunnathukal in Kunnathukal Grama Panchayat. | 495000 | AEE, Perumkadavila Block | M1-6609/23 Dt:30.11.23 | | AS Issued |
| 7 | Purchase of a 26 seater bus for Govt. Lower Primary School, Ottasekharamangalam. | 2400000 | HM | M1-222/24 Dt:12.01.24 | | AS Issued |

# ASSET DEVELOPMENT SCHEME 2021-26

**Name of MLA : Shri.C.K HAREENDRAN**

**Name of Constituency: PARASSALA**

| Sl.No | Name of Works | A.S.Amt Sanctioned (In Rupees) | Implementing Agency | No.& date of A S | Expenditure | Present Stage |
|---|---|---|---|---|---|---|
| **2021-22** | | | | | | |
| 1 | പാറശാല ഗ്രാമപഞ്ചായത്ത് ബസ് ടെർമിനൽ നിർമ്മാണം(ഒന്നാം ഘട്ടം). | 9999000 | EE, LID &EW, Tvpm | D1-606/22 Dt:28.02.22 | | AS Issued. |
| 2 | ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ ചെമ്പൂർ എഫ്.എച്ച്.സിക്കു കെട്ടിട നിർമ്മാണം.(Tender Savings). | 5000000 | EE, LID &EW, Tvpm | D1-2106/22 Dt:16.07.22 | | AS Issued. |
| 3 | പെരുങ്കടവിള ഗവ. എൽ.പി.ജി.എസ്സ്നു കെട്ടിട നിർമ്മാണം.(Tender Savings). | 5000000 | EE, LID &EW, Tvpm | D1-2105/22 Dt:16.07.22 | | AS Issued. |
| 4 | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പൂഴനാട് എഫ്.എച്ച്.സിക്കു കെട്ടിട നിർമ്മാണം.(Tender Savings). | 5000000 | EE, LID &EW, Tvpm | D1-2104/22 Dt:16.07.22 | | AS Issued. |
| 5 | വെള്ളറട ഗ്രാമപഞ്ചായത്തിലെ ആറാട്ടുകുഴിയിൽ ആപ്പിയൻ നാടാർ മെമ്മോറിയൽ ഹാൾ നിർമ്മാണം.(Tender Savings). | 5000000 | EE, LID &EW, Tvpm | D1-2103/22 Dt:16.07.22 | | AS Issued. |
| 6 | ധനുവച്ചപുരം ഗവ. ഗേൾസ് എച്ച്.എസ്സിന് കെട്ടിട നിർമ്മാണം.(Tender Savings). | 5000000 | EE, LID &EW, Tvpm | D1-2101/22 Dt:16.07.22 | | AS Issued. |
| 7 | വെള്ളറട ഗ്രാമപഞ്ചായത്തിലെ കൊടിഞ്ഞാമൂല തോടിനു കുറുകെ പാലം നിമ്മാണം.(Tender Savings). | 3010000 | EE, LID &EW, Tvpm | D1-2410/22 Dt:06.08.22 | | AS Issued. |
| **2022-23** | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | പാറശ്ശാല നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിനു. 1.വെള്ളറട ഗവ.യു.പി.എസ് (വെള്ളറട ഗ്രാമപഞ്ചായത്ത്) 14 ലക്ഷം രൂപ. 2.ഗവ.എൽ.പി.ജി.എസ് പൂഴനാട് (ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്)14 ലക്ഷം രൂപ. | 2800000 | DDE | D1-3768/22 Dt:13.12.22 | | AS Issued. |
| 2 | കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം നവീകരണം. | 5000000 | MD, Sports Kerala Foundation | D1-88/23 Dt:20.01.23 | | AS Issued. |
| 3 | ആര്യൻകോട് ഗ്രാമ പഞ്ചായത്തിലെ കുറ്റിയാണിക്കാട് എഫ്.എച്ച്.സി ക്ക് കെട്ടിടം നിർമ്മാണം. | 3050000 | EE, LID &EW, Tvpm | D1-3600/22 Dt:30.11.22 | | AS Issued. |
| 4 | പാറശ്ശാല ഗ്രാമ പഞ്ചായത്തിലെ പാറശ്ശാല ആയുർവേദ ആശുപത്രിക്ക് ഐ.പി ബ്ലോക്ക് കെട്ടിട നിർമ്മാണം. | 9990000 | EE, LID &EW, Tvpm | D1-3606/22 Dt:05.12.22 | | AS Issued. |
| 5 | കൊല്ലയിൽ ഗ്രാമ പഞ്ചായത്തിലെ ധനുശ്രീ ആഡിറ്റോറിയത്തിനു പുതിയ കെട്ടിട നിർമ്മാണം. | 7500000 | EE, LID &EW, Tvpm | D1-3606/22 Dt:05.12.22 | | AS Issued. |
| 6 | ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂളിനു പുതിയ കെട്ടിട നിർമ്മാണം. | 3000000 | EE, LID &EW, Tvpm | D1-3602/22 Dt:05.12.22 | | AS Issued. |
| 7 | പെരുങ്കടവിള ഗ്രാമ പഞ്ചായത്തിലെ ത്രിപ്പലവൂർ കല്ലന്നൂർകോണം ഇടഞ്ഞി റോഡ് നിർമ്മാണം. | 2500000 | EE, LID &EW, Tvpm | D1-3604/22 Dt:05.12.22 | | AS Issued. |
| 8 | പെരുങ്കടവിള ഗ്രാമ പഞ്ചായത്തിലെ മഞ്ചാടിതലയ്ക്കൽ പെരുംപാലൂർ പാലം നിർമ്മാണം. | 2500000 | EE, LID &EW, Tvpm | D1-3603/22 Dt:05.12.22 | | AS Issued. |

| | | | | | | |
|---|---|---|---|---|---|---|
| 9 | കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിലെ നിലമാമൂട് കൾച്ചറൽ സെൻറർ കെട്ടിട നിർമ്മാണം. | 5000000 | EE, LID &EW, Tvpm | D1-3607/22 Dt:05.12.22 | | AS Issued. |
| 10 | ആര്യൻകോട് ഗ്രാമ പഞ്ചായത്തിലെ പുളകിക്കോണം ശ്മശാനം റോഡ് നിർമ്മാണം. | 2110000 | EE, LID &EW, Tvpm | D1-3608/22 Dt:05.12.22 | | AS Issued. |
| 11 | മഞ്ചവിളാകം ഇരുപത്തി ആറാം നമ്പർ അംഗനവാടി (ആനായിക്കോണം അംഗനവാടി) കെട്ടിട നിർമ്മാണം. | 1500000 | EE, LID &EW, Tvpm | D1-414/23 Dt:04.03.23 | | AS Issued. |
| 12 | Improvement works for Kunnathukal Gas Crematorium | 2000000 | EE, LID &EW, Tvpm | D1-740/23 Dt:29.05.23 | | AS Issued. |
| **2023-24** | | | | | | |
| 1 | കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മണവാരി സ്മാർട്ട് അംഗനവാടി കെട്ടിട നിർമ്മാണം. | 2500000 | EE, LID &EW, Tvpm | M1-4905/23 Dt:17.10.23 | | AS Issued. |
| 2 | കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കോട്ടുകോണം സ്മാർട്ട് അംഗനവാടി കെട്ടിട നിർമ്മാണം. | 2500000 | EE, LID &EW, Tvpm | M1-4914/23 Dt:17.10.23 | | AS Issued. |
| 3 | ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ FHC കെട്ടിട നിർമ്മാണം പൂർത്തീകരണം. | 1600000 | EE, LID &EW, Tvpm | M1-4910/23 Dt:17.10.23 | | AS Issued. |
| 4 | പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പാറശ്ശാല ആയുർവേദ ആശുപത്രിയിൽ IP ബ്ലോക്ക് കെട്ടിട നിർമ്മാണം. | 5000000 | EE, LID &EW, Tvpm | M1-4906/23 Dt:17.10.23 | | AS Issued. |